പാലക്കാട് ജില്ലയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

116 [321] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നിലവിലുണ്ട്; എത്ര എണ്ണം നിർമ്മാണത്തിലിരിക്കുന്നു; ഓരോന്നും ആരംഭിച്ചത് എന്നാണ്;

(ബി) പാലക്കാട് ജില്ലയിൽ 1959-ൽ ആരംഭിക്കുകയും പിന്നീട് നിർത്തിവയ്ക്കുകയും 1981-ൽ വീണ്ടും ആരംഭിക്കുകയും ചെയ്ത കാരൽമണ്ണ-പനങ്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനം നടക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രത്തോളമായി;

(ഡി) 1985-86-ൽ അതിന് ആവശ്യമായ തുക എത്ര; അത് വകയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ പദ്ധതി എന്ന് പൂർത്തിയാകും?

ഉത്തരം

(എ) 20 പദ്ധതികൾ നിലവിലുണ്ട്. ഇവയിൽ 8 എണ്ണം നിർമ്മാണത്തിലിരിക്കുന്നു. ഇവ സംബന്ധിച്ച വിശദവിവരം അനുബന്ധത്തിൽ ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) കനാലുകളുടെയും പമ്പ് ഹൗസിന്റേയും പണികൾ തീർന്നു വരുന്നു. 19 പമ്പുസെറ്റുകൾ ഓർഡർ ചെയ്തതിൽ മിക്കവയും എത്തിക്കഴിഞ്ഞു.

(ഡി) 3.40 ലക്ഷം രൂപയെങ്കിലും ഈ വർഷം (1985-86) ആവശ്യമാണ്. ഈ പദ്ധതിക്ക് 1 ലക്ഷം രൂപയാണ് ഈ വർഷം വകകൊള്ളിച്ചിട്ടുള്ളത്.

(ഇ) സാമ്പത്തിക പരിമിതികൾ കാരണം ഇവ എന്നു പൂർത്തിയാകുമെന്നു പറയാൻ നിർവ്വാഹമില്ല.

കേരള വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ പ്രോജക്ട്

117 [322] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല-മലിനജല അതോറിറ്റിയുടെ കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേരള വാട്ടർസപ്ലൈ ആൻഡ് സാനിട്ടേഷൻ പ്രോജക്ടിന് ലോക ബാങ്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ലോകബാങ്കിൽനിന്ന് ഈ പദ്ധതിക്ക് കിട്ടുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) മൊത്തം ഈ പദ്ധതിയുടെ മുതൽമുടക്ക് എത്ര കോടി രൂപയാണ്?

* അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ജല–മലിനജല അതോറിറ്റി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതും 97.111 കോടി രൂപാ മതിപ്പ് ചെലവ് വരുന്നതുമായ വാട്ടർ സപ്ലൈ ആൻറ് സാനിട്ടേഷൻ പ്രോജക്ടിന് ലോക ബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിന്റെ വിശദവിവരങ്ങൾ താഴെ പറയുന്നവയാണ്:

നമ്പർ	പദ്ധതിയുടെ വിവരങ്ങൾ	അടങ്കൽ തുക (രൂപ കോടി)
1.	പുത്തൻകുരിശും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതി	3.820
2.	അടൂരും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധ ജലവിതരണ പദ്ധതി	7.570
3.	ചിതറയും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധ ജലവിതരണ പദ്ധതി	5.787
4.	കോട്ടയത്തെ 4 സബർബൻ പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി	6.739
5.	വിളപ്പിൽ പഞ്ചായത്തിനുള്ള ശുദ്ധ ജല വിതരണ പദ്ധതി	1.321
6.	ഗ്രേറ്റർ കൊച്ചിൻ ഏരിയായിലെ 12 പഞ്ചായത്തുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതി	31.007
7.	കൊല്ലം മുനിസിപ്പൽ ടൗൺ ശുദ്ധജലവിതരണ പദ്ധതിയുടെ വികസനവും 6 സബർബൻ പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയും	20.081
8.	മുനിസിപ്പൽ ടൗണുകൾക്കുള്ള ലോ-കോസ്റ്റ് സാനിട്ടേഷൻ സ്കീം	5.126
	ടൗണുകൾ	
	1. ആറ്റിങ്ങൽ	
	2. വടകര	
	3. കാസർകോഡ്	
	4. മാവേലിക്കര	
	5. മൂവാറ്റുപുഴ	
	6. പാലാ	
	7. പൊന്നാനി	
	8. പുനലൂർ	
	9. ഷൊർണ്ണൂർ	
	10. തൃശ്ശൂർ	
9.	തിരഞ്ഞെടുത്ത പഞ്ചായത്തുകൾക്കായുള്ള ലോ-കോസ്റ്റ് സാനിട്ടേഷൻ പദ്ധതി	5.000
10.	കോമൺ സർവ്വീസ് (മീറ്റർ റിപ്പെയർ വർക്ക് ഷോപ്പ് മുതലായവ)	3.057
11.	മറ്റ് ചെലവുകൾ	4.030
12.	നിർമ്മാണ സമയത്തെ പലിശ	3.574
	ആകെത്തുക	97.111

LIBRARY ARCHIVES Kerala Legislative Assembly

മേൽപ്പറഞ്ഞ പദ്ധതികൾക്ക് ലോക ബാങ്ക് അംഗീകാരം നൽകി ക്കഴിഞ്ഞു. കരാർ ഒപ്പുവച്ചുകഴിഞ്ഞാലുടൻ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഈ പദ്ധതികളുടെ നടത്തിപ്പിലേക്കായി ലോക ബാങ്കിൽനിന്നും 4.1 കോടി അമേരിക്കൻ ഡോളറിന് തുല്യമായ തുക വായ്പയായി ലഭിക്കുന്നതാണ്.

(സി) 97.111 കോടി രൂപയാണ്.

പാപ്പിനിശ്ശേരി പുഴ

118 [323] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി പുഴയുടെ സൈഡ് കെട്ടി ഉപ്പുവെള്ളം കയറുന്നത് തടയാൻ മൈനർ ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ ആൻറ് ബി) പാപ്പിനിശ്ശേരി പുഴ എന്നു പറയുന്നത് വളപട്ടണം പുഴയാണ്. ഇവിടെ രണ്ട് ക്രോസ് ബാറുകൾ ഉണ്ട്. ഒന്ന് നലകത്തു തോടിനും മറെറാന്ന് ചേലങ്കാവ് തോടിനും കുറുകെയുള്ളതാണ്. ഈ ക്രോസ് ബാറുകൾ തമ്മിൽ ബന്ധിച്ച് രണ്ടു ബണ്ടു കെട്ടിയാൽ മാത്രമേ ഇവിടെ ഉപ്പുവെള്ളം കയറുന്നതു തടയാൻ കഴിയുകയുള്ളൂ. അതിനുവേണ്ടി ഏകദേശം 13 ലക്ഷംരൂപ വേണ്ടിവരും. തൽക്കാലം ചേലങ്കാവ് ക്രോസ് ബാറിൻെറ റിപ്പെയർ ചെയ്യുവാൻ ടെണ്ടർ വിളിച്ചിട്ടുണ്ട്. ഇതു റിപ്പെയർ ചെയ്താൽ കുറച്ചു ഭാഗം ഉപ്പുവെള്ളം കയറുന്നതു തടയാൻ കഴിയും.

ഉപ്പൂടു ലിഫ്റ്റ് ഇറിഗേഷൻ

119 [324] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേ കല്ലട പഞ്ചായത്തിലെ ഉപ്പൂടു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നടക്കുന്ന കനാലിൻെറ നിർമ്മാണം ഇപ്പോൾ ഏത് അവസ്ഥയിലാണെന്നു വ്യക്തമാക്കുമോ;

(ബി) ഇതിൻെറ പണി എന്നു പൂർത്തിയാകും?

ഉത്തരം

(എ) ഉപ്പൂടു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി നടക്കുന്ന കനാലിൻെറ പണികളുടെ മൂന്നിൽ രണ്ടുഭാഗം പൂർത്തിയായിട്ടുണ്ട്.

(ബി) കാലാവധിയായ 25–5–1986-നു മുൻപ് പണി തീർക്കാമെന്നു പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly